വാടികൾ പ്രവർത്തിച്ചുവരുന്നു. തോണിക്കടവ് പാലമൺ തോട്ടം കോളനി, ആലത്തറ വിളാകം കോളനി എന്നിവിടങ്ങളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച വിവരം അനുബന്ധത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

പട്ടികജാതിക്കാർക്ക് പലിശരഹിത വായ്പ

237 (5040) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ആർ. രാജേഷ് :

ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായമോ മറ്റു തൊഴിലുകളോ ആരംഭിക്കുന്നതിന് പട്ടികജാതിക്കാർക്ക് പലിശരഹിത വായ്പ അനുവദിക്കാൻ പദ്ധതി രൂപീകരിച്ചിരുന്നോ ;

(ബി) പദ്ധതി പ്രകാരം എത്ര പേർക്ക് മേൽപ്പറഞ്ഞ വിവിധ ആവശ്യങ്ങൾക്കായി വായ്പ അനുവദിച്ചെന്നും ആകെ നല്കിയ വായ്പാ തുക എത്രയെന്നും അറിയിയ്ക്കുമോ ;

(സി) പദ്ധതിയുടെ ഫലമായി എത്ര പേർക്ക് സ്വയം തൊഴിൽ ഉൾപ്പെടെ തൊഴിൽ ലഭിച്ചുവെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ?

ഉത്തരം

(എ) വ്യവസായമോ മറ്റ് തൊഴിലുകളോ ആരംഭിക്കുന്നതിന് പട്ടികജാതിക്കാർക്ക് പലിശരഹിത വായ്പ അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കിയിരുന്നു. നിലവിൽ ടി പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ പട്ടികജാതി വിഭാഗക്കാർ വ്യവസായമോ തൊഴിൽ സംരംഭമോ ആരംഭിക്കുന്നതിന് ബാങ്ക് വായ്പ സ്വീകരിക്കുന്ന പക്ഷം ബാങ്ക് വായ്പയുടെ 1/3 തുക സബ്സിഡിയായി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

(ബി&സി) പലിശ രഹിത വായ്പാ പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ അഞ്ചുപേർക്ക് 85,000 രൂപയും തൃശ്ശൂർ ജില്ലയിൽ 71 പേർക്കായി 3,06,000 രൂപയും കാസർഗോഡ് ജില്ലയിൽ എട്ട് പേർക്കായി 77,600 രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇവർക്കെല്ലാം തൊഴിൽ ലഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന ജില്ലകളിലെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
874/2017.

LIBRARY ARCHIVES Kerala Legislative Assembly